# 47

# വിളവെടുപ്പ് കാലം!

## (വെളിപ്പാട് 14:14-20)

ഭാവി എന്തായിരിക്കുമെന്നറിയുവാൻ ആളുകൾ ഓരോ വർഷവും ദശലക്ഷക്കണക്കിന് രൂപ ചെലവഴിക്കുന്നുണ്ട്. ആളുകൾ ജാതകം നോക്കും. "മനസു സംബന്ധമായതും" മറ്റു "മാധ്യമങ്ങളെയും" അവർ ആശ്രയിക്കും. ക്വീജാ ബോർഡുകളിലും അവർ വിശ്വസിച്ച് കളിക്കും. അടുത്ത ദിവസവും അതിനടുത്ത ദിവസവും എന്തു സംഭവിക്കുമെന്നറിയുവാൻ ചിലർ തങ്ങളുടെ കമ്പ്യൂട്ടറുകളിൽ ഡാറ്റ എൻറി നടത്തി മനസിലാക്കുവാൻ ശ്രമിക്കും. ആ ഉറവിടങ്ങളെല്ലാം, നല്ല ഊഹങ്ങൾ മാത്രമാണ് - അവയിൽ ചിലത് വിദ്യാഭ്യാസ ഊഹമാണ്, അവയിൽ മിക്കവയും അവിശ്വസനീയമായ സങ്കൽപങ്ങളാണ്. ഭാവി ദൈവത്തിന് മാത്രം അറിയാവുന്നതാണ് - ഭാവിയെ പറ്റി പറയുന്ന ഏക പുസ്തകം ബൈബിളുമാണ്.

മനുഷ്യർ അന്ത്യനിമിഷത്തിലേക്ക് ചലിച്ചുകൊണ്ടിരിക്കുന്നു എന്നാണ് ഭാവിയെ സംബന്ധിച്ച്, ബൈബിൾ പറയുന്നത്: കർത്താവ് മടങ്ങി വരുമ്പോൾ, ന്യായവിധിക്കായി എല്ലാവരും ദൈവത്തിന്റെ സിംഹാസനത്തിനു മുമ്പിൽ നിൽക്കും.

> "... മനുഷ്യപുത്രൻ തന്റെ തേജസോടെ സകലവിശുദ്ധന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസിന്റെ സിംഹാസനത്തിൽ ഇരിക്കും; സകലജാതികളെയും അവന്റെ മുമ്പിൽ കൂട്ടും; അവൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ വേർതിരിച്ച്, ചെമ്മരിയാടുകളെ തന്റെ വലത്തും കോലാടുകളെ തന്റെ ഇടത്തും നിറുത്തും" (മത്തായി 25:31-33).

ഒരു *വിളവെടുപ്പിന്റെ* അലങ്കാരത്തോടുകൂടെ ആ നിമിഷത്തെ വെളിപ്പാട് 14:14-20 വ്യക്തമാക്കുന്നു.[1] യേശു തന്റെ ഉപദേശത്തിൽ അതേ അലങ്കാരം ഉപയോഗിച്ചിരുന്നു.[2] കോതമ്പിന്റേയും കളയുടേയും ഉപമയുടെ പൊരുൾ എന്തെന്ന് ശിഷ്യന്മാർ ചോദിച്ചപ്പോൾ, യേശു പറഞ്ഞു,

> ... കൊയ്ത്തു ലോകാവസാനം, കൊയ്യുന്നവർ ദൂതന്മാർ, ... കളകൂട്ടി തീയിലിടുമ്പോലെ ലോകാവസാനത്തിൽ സംഭവിക്കും. മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയക്കും, അവൻ തന്റെ രാജ്യത്തിൽനിന്ന് എല്ലാ ഇടർച്ചകളെയും അധർമ്മം പ്രവർത്തിക്കുന്നവരേയും ചേർത്ത് തീച്ചൂളയിൽ ഇട്ടുകളയും അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും. അന്നു നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെ പോലെ പ്രകാശിക്കും ... (മത്തായി 13:39-43).

മറ്റൊരു അവസരത്തിൽ, വിത്ത് വളർന്ന് വരുന്നതിനെകുറിച്ചുള്ള ഉപമ

അവസാനിപ്പിച്ച് യേശു പറഞ്ഞു: "ധാന്യം വിളയുമ്പോൾ, കൊയ്ത്തായതു കൊണ്ട് അവൻ [കൃഷിക്കാരൻ] അരിവാൾ വെക്കുന്നു" (മർക്കൊസ് 4:29).[3]

മുഖ്യ തൊഴിൽ കൃഷി ആയിരുന്നപ്പോൾ കൊയ്ത്തിന്റെ ചിത്രീകരണം അക്കാലത്ത് അർത്ഥവത്തായിരുന്നു. ദീർഘകാല കാർഷികവൃത്തിയുടെ അന്തിമനിമിഷമാണ് കൊയ്ത്ത് എന്നതുകൊണ്ടും ചിത്രീകരണം യോജിച്ചതായിരുന്നു.[4] ഞാൻ ഒരു കുട്ടി ആയിരുന്നപ്പോൾ, പലതരം വിളവുകളും ഞാൻ കൊയ്തിട്ടുണ്ട്. ഒരു വേനലിൽ ഞാൻ കോതമ്പ് കൊയ്ത്ത് നടത്തിയിരുന്നു. വിളവെടുപ്പ്, പ്രയാസമുള്ളതും, ക്ഷീണിപ്പിക്കുന്നതും, അഴുക്ക് പുരളുന്നതുമാണ് - എന്നാൽ അത് ആവേശകരമായ പ്രവൃത്തിയുമാണ്, കാരണം അത് മാസങ്ങളുടെ അദ്ധ്വാനത്തിന്റെ ഫലം നോക്കലാണ്.

നിങ്ങൾ ആദ്യം 14:14-20 വായിക്കുമ്പോൾ,

> ... അവിടെ രണ്ട് കൊയ്ത്ത് കാണുന്നു: 4:14-16, 17-20. എങ്ങനെയായാലും, അവിടെ ഒരു സംഭവത്തിന്റെ രണ്ട് വശങ്ങളുണ്ട്. ഒരേസമയത്ത് സംഭവിക്കുന്ന അഭേദ്യമായ രണ്ട് ഭാഗങ്ങൾ. ഒരു കൊയ്ത്തും രണ്ട് ഫലങ്ങളും: ഒന്ന് പുതിയ യെരുശലേം പൗരന്മാർക്ക് (14:14-16); ഒന്ന് വീണുപോയ ബാബിലോൻ പൗരന്മാർക്ക് (വാ. 17-20).[5]

14:14-20 ലെ ദർശനത്തിന്റെ രണ്ട് ഭാഗങ്ങളെ ജി. ബി. കെയിഡ് വിളിച്ചത്, "ഒരു വിഷയത്തെ കുറിച്ചുള്ള വ്യത്യാസങ്ങൾ" എന്നാണ്.[6]

ആ വേദഭാഗം, അന്ത്യനാളിലെ ന്യായവിധിയെ കുറിച്ചാണോ അതോ, ആ കാഴ്ച്ച പ്രാഥമികമായും റോമാ സാമ്രാജ്യത്തിന്റെ നാശത്തെയാണോ വ്യക്തമാക്കുന്നത് എന്ന് ചിലരിൽ ചോദ്യം ഉദിച്ചിരുന്നു. അവിടെ ഉപയോഗിച്ചിരിക്കുന്ന ഭാഷ നോക്കിയാൽ, അത് അന്ത്യനാളിലെ ശിക്ഷയെ ആണ് വെളിപ്പെടുത്തുന്നത് എന്നാണ് ഞാൻ വിശ്വസിക്കുന്നത്, എന്നാൽ എങ്ങനെയായാലും ആ ദിവസത്തിന് പ്രത്യേകതയുണ്ട്. നാം ഓരോരുത്തരും ചോദിക്കണം, "ക്രിസ്തു മടങ്ങി വരുമ്പോൾ, കോതമ്പ് കളപ്പുരയിൽ ഭദ്രമായി സൂക്ഷിക്കുന്നതുപോലെ നാം ആകുമോ, അതോ ദൈവക്രോധ ചക്കിൽ നമ്മെ ഇട്ട് ആട്ടുമോ?"

കർത്താവിൽ വിശ്വസ്തരായവരുടെ കാഴ്ച്ചപ്പാടിൽ ആദ്യം നമുക്ക് കൊയ്ത്ത് പരിഗണിക്കാം. പിന്നെ അവനെ അനുഗമിക്കുവാൻ കൂട്ടാക്കാതിരുന്നവരുടെ കാഴ്ച്ചപ്പാടിൽ നോക്കാം.

## കൊയ്ത്തും - സന്തോഷവും (14:14-16)

> പിന്നെ ഞാൻ വെളുത്തോരു മേഘവും മേഘത്തിന്മേൽ മനുഷ്യപുത്രന്നു സദൃശനായ ഒരുത്തൻ[7] തലയിൽ പൊൻകിരീടവും കയ്യിൽ മൂർച്ചയുള്ള അരിവാളുമായി നിൽക്കുന്നതും കണ്ടു (വാ. 14). (ഈ പാഠത്തിന്റെ അവസാനം വരുന്ന "മനുഷ്യപുത്രനോട് സദൃശനായവൻ" എന്ന ചിത്രീകരണം നോക്കുക.)

പുസ്തകത്തിലെ ആദ്യ ദർശനത്തിൽ (1:12-3:22), "നിലവിളക്കുകളുടെ നടുവിൽ മനുഷ്യപുത്രനോട് സദൃശനായവനെയാണ്" യോഹന്നാൻ കണ്ടത് (1:13), അത് യേശുവിനെ[8] കുറിച്ചാണ് പറയുന്നത്. സംശയരഹിതമായി പ

റയാം, ഇതും യേശുക്രിസ്തു തന്നെയാണ് (യോഹന്നാൻ 5:27 നോക്കുക).[9]

ഒന്നാമത്തെ ദർശനത്തിൽ, സ്വർണ്ണനിലവിളക്കുകളുടെ നടുവിൽ യേശു നടക്കുകയായിരുന്നു (1:13; 2:1); ഈ ദർശനത്തിൽ അവൻ മേഘാരൂഢനായിട്ടാണ് വരുന്നത് – ദൈവത്തിന്റെ വിശേഷാധികാരം (സങ്കീർത്തനങ്ങൾ 104:3; യെശയ്യാവ് 19:1). അദ്ധ്യായം 1–ൽ യേശു നിലയങ്കി ധരിച്ചും മാറത്ത് പൊൻകച്ച കെട്ടിയുമിരുന്നു (1:13); ഇവിടെ, അവന്റെ തലയിൽ ഒരു പൊൻകിരീടമാണുണ്ടായിരുന്നത്.

മൂലഗ്രന്ഥത്തിൽ, “പൊൻകിരീടം” എന്നതിന് അസാധാരണ വാക്കാണ് ഉള്ളത്, “കിരീടം” എന്നതിനുപയോഗിച്ചത് *സ്റ്റെഫാനോസ്* എന്നാണ്, വിജയകിരീടത്തെ കാണിക്കുന്നു. സാധാരണ, *സ്തെഫാനോസ്* എന്നത് ജീവനുള്ള കൊമ്പിനെ സൂചിപ്പിച്ചുകൊണ്ടാണ് പറയുന്നത്, അല്ലാതെ ലോഹമല്ല. ഈ രൂപത്തിൽ, “വിജയവും രാജകീയവുമായ ആശയങ്ങൾ ... കലർന്നിരിക്കുന്നു.”[10]


എങ്ങനെയായാലും, ഏറ്റവും പ്രാധാന്യമുള്ള അന്തരം, ഒന്നാമത്തെ ദർശനത്തിലെ മനുഷ്യപുത്രന്റെ കയ്യിൽ ഒരു വാളുണ്ടായിരുന്നു (1:16). ഇവിടെ അവന് അരിവാൾ ആയിരുന്നു ഉണ്ടായിരുന്നത്. അരിവാൾ എന്നത് ചെറിയ പിടിയോടുകൂടിയ അർത്ഥവൃത്താകൃതിയിലുള്ള ഒരു ബ്ലേഡാണ്.

യോഹന്നാന്റെ കാലത്ത് അത്തരം ആയുധം കൊയ്യുന്നതിനും പുല്ല് അരിയുന്നതിനുമാണ് ഉപയോഗിച്ചിരുന്നത്. ഇന്നും ആ ആയുധം ചില സ്ഥലങ്ങളിൽ ഉപയോഗിച്ചു വരുന്നുണ്ട്.[11] അതുപോലെ, മനുഷ്യപുത്രൻ അതുമായി കൊയ്യുവാൻ ഒരുങ്ങിയിരിക്കുന്നു. യേശു ആദ്യം വന്നപ്പോൾ, നമ്മുടെ രക്ഷകനായിട്ടാണ് വന്നത്; അവൻ നമ്മുടെ പാപങ്ങൾക്ക് വേണ്ടി മരിപ്പാനാണ് വന്നത്. അവൻ രണ്ടാമത് വരുമ്പോൾ, നമ്മുടെ ന്യായാധിപനാകും.

ദർശനത്തിൽ യേശു കാത്തിരുന്നതെന്തിനാണ്? ഒരു കാരണം, “ആ നാളും നാഴികയും സംബന്ധിച്ച്, പിതാവല്ലാതെ ആരും, സ്വർഗത്തിലെ ദൂതന്മാരും, പുത്രനും കൂടെ അറിയുന്നില്ല” [ന്യായവിധിസമയം] (മർക്കൊസ് 13:32).

ദർശനത്തിൽ, യേശു അധികം കാത്തിരുന്നില്ല. “വേറൊരു ദൂതൻ[12] ദൈവാലയത്തിൽനിന്നു പുറപ്പെട്ടു [ദൈവസന്നിധിയിൽനിന്ന്], ‘മേഘത്തിൽ ഇരിക്കുന്നവനോട്, കൊയ്ത്തിന് സമയം[13] വന്നതുകൊണ്ട് നിന്റെ അരിവാൾ അയച്ചു കൊയ്ക. ഭൂമിയിലെ വിളവ് വിളഞ്ഞുണങ്ങിയിരിക്കുന്നു എന്ന് ഉറക്കെ നിലവിളിച്ചു പറഞ്ഞു’” (വാ. 15).

മൂലഗ്രന്ഥത്തിൽ, തർജിമ ചെയ്ത വാക്ക് “ഈസ് റൈപ്” എന്നത് അർത്ഥമാക്കുന്നത് “ഉണങ്ങി എന്നാണ്.” ദർശനത്തിലെ ഈ ഭാഗം അലങ്കാരം പറയുന്നത് ധാന്യവിളവെടുപ്പാണ്. ധാന്യത്തിന്റെ അഗ്രം കൊയ്യുന്നതിനു മുമ്പ് മുഴുവൻ ഉണങ്ങിയിരിക്കണം. പൊൻ നിറമുള്ള കോതമ്പു വയൽ കാറ്റിൽ ആടിഉലയുന്നത് നിങ്ങളുടെ മനസ്സിൽ ദർശിക്കുക.



**ഒരു അരിവാൾ**

കർഷകൻ ആകാംഷയോടെ കൊയ്ത്തിനു കാത്തിരിക്കുന്നതുപോലെ, ആണെന്നു തോന്നുന്നു ആ സമയം. എങ്ങനെ ആയാലും, കൊയ്ത്തു സമയം വരുന്നു (യാക്കൊബ് 5:7). അതുപോലെ, പോരാട്ടത്തിൽ അകപ്പെട്ടിരിക്കുന്ന ദൈവ പൈതലിന്, കർത്താവ് “വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നു” എന്നു തോന്നിയേക്കാം (2 പത്രൊസ് 3:9), എന്നാൽ പേടിക്കേണ്ട: കൊയ്ത്തുകാലം വരും! അത്

ഇന്ന് വന്നേക്കാം; അത് നാളയും ആയേക്കാം; അത് വർഷങ്ങൾ കഴിഞ്ഞും ആകാം – എന്നാൽ അത് വരും!

നാഴിക വന്നിരിക്കുന്നു എന്ന് പിതാവ് പറഞ്ഞപ്പോൾ, പുത്രൻ മടിച്ചില്ല: "മേഘത്തിൽ ഇരിക്കുന്നവൻ തന്റെ അരിവാൾ ഭൂമിയിലേക്ക് എറിഞ്ഞു" (വാ. 16)[14] അക്ഷരീകമായി, അവൻ "എറിഞ്ഞു"[15] അവന്റെ അരിവാൾ ഭൂമിയിലേക്ക് എറിഞ്ഞു. എന്റെ മനസ്സിൽ, അരിവാൾ പാഞ്ഞ് വരുന്നതിനിടയിൽ എല്ലാറ്റിനേയും ചുഴറ്റി വീഴ്ത്തുന്നത് പോലെയാണ് തോന്നുന്നത്. അത് ഭൂമിയിലെങ്ങും പറന്ന് ധാന്യങ്ങളെ എല്ലാം ഭൗമിക ബന്ധങ്ങളിൽ നിന്ന് വിഛേദിക്കുന്നു.

"ഭൂമിയിൽ കൊയ്തു നടന്നു" (വാ. 16). യോഹന്നാൻ സ്നാപകനും യേശുവും പറഞ്ഞതുപോലെ, കോതമ്പു മണി "കളപ്പുരയിൽ" കൂട്ടിവെക്കും (മത്തായി 3:12; മത്തായി 13:30; ലൂക്കൊസ് 3:17 നോക്കുക). ഒരു ദിവസം കർത്താവ് തന്റെ ആളുകളെ എല്ലാം കൂട്ടിച്ചേർക്കും. എന്നാണ് ആ ചിത്രദർശനങ്ങളെല്ലാം വ്യക്തമാക്കുന്നത്.

> കർത്താവുതാൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വരിയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്നവരായ നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും (1 തെസ്സലൊനിക്യർ 4:16, 17).[16]

അത് എത്രമനോഹരമായ ദിവസം ആയിരിക്കും! ഇത് കൊയ്ത്തിന്റെ സന്തോഷകരമായ വശമാണ്. "ഇതു സാക്ഷീകരിക്കുന്നവൻ: 'അതേ, ഞാൻ വേഗം വരുന്നു' എന്നു അരുളിച്ചെയ്യുന്നു; ആമേൻ, കർത്താവായ യേശുവേ, വരേണമേ" (22:20)!

## കൊയ്ത്തും - മനോവേദനയും
## (14:17-20)

കൊയ്ത്തു സമയത്തിനു ഒരു ദുഃഖ വശം കൂടെയുണ്ട്, ദർശനത്തിൽ പിന്നെ പറയുന്നത്, "മറ്റൊരു ദൂതൻ സ്വർഗ്ഗത്തിലെ ആലയത്തിൽ നിന്നു പുറപ്പെട്ടു; അവൻ മൂർച്ചയുള്ളോരു കോങ്കത്തി പിടിച്ചിരുന്നു" (വാ 17). ഈ ഭാഗം വിവരിക്കുന്നത് മുന്തിരിങ്ങയുടെ വിളവെടുപ്പായതുകൊണ്ടു, ദൂതന്റെ കൈയിൽ ഒരുപക്ഷെ സാധാരണ ഉപയോഗിക്കുന്ന-അരിവാൾ ആയിരിക്കയില്ല, എന്നാൽ വിവിധ തരത്തിലുള്ള ഫലങ്ങൾ മുറിച്ചെടുക്കുന്നതിനുള്ള കൊളുത്തോടുകൂടിയതായിരിക്കും. " 'അരിവാൾ' എന്ന വാക്ക് 'മുറിച്ചെടുക്കുവാനുള്ള കൊളുത്ത്' അല്ലെങ്കിൽ 'കോങ്കത്തി ആണ്.' "[17]

"തീയുടെ മേൽ[18] അധികാരമുള്ള, വേറൊരു ദൂതൻ യാഗപീഠത്തിങ്കൽ നിന്നു പുറപ്പെട്ടു" (വാ. 18). ഇത് ഒരു പക്ഷെ അദ്ധ്യായം 8-ൽ നാം കണ്ട ദൂതൻ ആയിരിക്കാം, അവൻ യാഗപീഠത്തിൽ ധൂപം അർപ്പിച്ചപ്പോൾ, വിശുദ്ധന്മാരുടെ പ്രാർത്ഥനയോടുകൂടെ ആ പുക ചേർന്നു. ധൂപവർഗ്ഗം അർപ്പിച്ച ശേഷം, യാഗപീഠത്തിലെ കനൽ ദൂതൻ ഭൂമിയിലേക്ക് എറിഞ്ഞു (8:3-5). അത് രക്ത

സാക്ഷികളുടെ നിലവിളിയോടുള്ള പ്രതികരണമായിട്ടായിരുന്നു, "യാഗപീഠത്തിൻകീഴിൽ നിന്ന്," അവർ, "അത്യുച്ചത്തിൽ പറഞ്ഞു, 'ഭൂമിയിൽ വസിക്കുന്നവരോടു ഞങ്ങളുടെ രക്തത്തെക്കുറിച്ച് നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതെയിരിക്കും? എന്ന് അവർ ഉറക്കെ നിലവിളിച്ചു ...' " (6:9,10). അവരുടെ നിലവിളിക്ക് ദൈവത്തിൽ നിന്നുള്ള മറുപടി ഒരു പക്ഷെ അദ്ധ്യായം 14 ന്റെ അവസാനം നാം കാണുന്നു: ദൈവം, ഫലത്തിൽ, പറയുന്നു, "അവസാനം, പ്രതികാരത്തിനുള്ള സമയം വന്നു!"

"മൂർച്ചയുള്ള അരിവാൾ പിടിച്ചിരിക്കുന്നവനോട് യാഗപീഠത്തിൽനിന്നുള്ള ദൂതൻ ഭൂമിയിലെ മുന്തിരിങ്ങ പഴുത്തിരിക്കയാൽ 'നിന്റെ മുർച്ചയുള്ള കോങ്കത്തി അയച്ചു മുന്തിരിവള്ളിയുടെ കുല അറുക്കുക' " (വാ. 18). "റൈപ്പ്" എന്നതിന് ഉപയോഗിച്ച ഗ്രീക്ക് വാക്കിന്റെ അർത്ഥം "പാകമാകൽ," എന്നാണ്. "പാപം മുഴുത്തി-ട്ട്, മരണത്തെ പെറുന്നു" (യാക്കൊബ് 1:15; എൻ ഐ വി).

കൊയ്യുവാനുള്ള കല്പന വന്നപ്പോൾ, വീണ്ടും മടിയുണ്ടായില്ല. "ദൂതൻ കോങ്കത്തി ഭൂമിയിലേക്ക് എറിഞ്ഞു, ഭൂമിയിലെ മുന്തിരിക്കുല അറുത്തു" (വാ. 19). എങ്ങനെയായാലും ഈ പ്രാവശ്യം, കൊയ്തെടുത്തത് ശേഖരിച്ചില്ല. മറിച്ച്, ദൂതൻ അവ "ദൈവകോപത്തിന്റെ വലിയ ചക്കിലിട്ടു" (വാ. 19).

ചക്ക് എന്ന് പറയുന്നത് ഒരു വലിയ പാത്രത്തിൽ നിന്നു മറ്റൊരു ചെറിയ പാത്രത്തിലേക്ക് പൈപ്പ് ബന്ധിപ്പിച്ചിരിക്കുന്നതാണ്. പാത്രങ്ങൾ പാറയിൽ പൊള്ളയായിട്ടുള്ളതായിരിക്കും, അല്ലെങ്കിൽ അവ ഇഷ്ടികകൊണ്ടു പണിതതായിരിക്കും. മുകളിലുള്ള പാത്രത്തിൽ മുന്തിരിങ്ങ ഇടും, അതായിരുന്നു വാസ്തവത്തിൽ "ചക്ക്." ചിലപ്പോൾ, കനമുള്ള എന്തെങ്കിലും ഉപയോഗിച്ച് മൂന്തിരിങ്ങ ഇടിച്ചു പിഴിയും, എന്നാൽ സാധാരണ കാൽ കൊണ്ട് ചവിട്ടുകയാണ് (യെശയ്യാവ് 63:3). തൽഫലമായുണ്ടാകുന്ന ചാർ[19] താഴെയുള്ള പാത്രത്തിലേക്ക് ഒഴുകും, അതിനെ "ചക്കാല" എന്നാണ് വിളിച്ചിരുന്നത് (ഹഗ്ഗായി 2:16).

പഴയനിയമത്തിൽ ദൈവനീതിയെ ആലങ്കാരികമായി പറയുവാനാണ് ചക്കിലിട്ട് മുന്തിരിയാട്ടുന്നത് ഉപമിച്ചിരിക്കുന്നത് (യെശയ്യാവ് 63:3; വിലാപങ്ങൾ 1:15; യോവേൽ 3:13). ഉപദ്രവിക്കപ്പെട്ട ക്രിസ്ത്യാനികൾക്ക് ആ അലങ്കാരം പ്രത്യേകമായ അർത്ഥം നൽകുന്നില്ല: അവർക്ക് നേരിട്ട ഉപദ്രവം അവരെ ഞെക്കി പിഴിയുമ്പോൾ, അവരെ ഞെരുക്കിയവർക്കും അതു തന്നെ വരുവാനിരിക്കുന്നു. "ബാറ്റിൽ ഹിം ഓഫ് ദ റിപബ്ലിക്" എന്ന ജൂലിയാ വാർഡ് ഹോവിന്റെ രചനയിൽ പഴയനിയമ ഭാഷ ആസ്വാദ്യകരമാക്കുന്നു:

> കർത്താവിന്റെ വരവിലെ മഹത്വം
> കൂടുതൽ കണ്ണുകൾ കണ്ടിരിക്കാം;
> ക്രോധം കൂട്ടി വെച്ചിരുന്ന മുന്തിരിങ്ങയെ
> അവൻ ചവിട്ടി മെതിച്ചു;
> ഒരുമിന്നൽ പോലെ അവന്റെ വാൾ
> അതിവേഗത്തിൽ വിധി നടപ്പാക്കിക്കൊണ്ടിരിക്കുന്നു;
> അവന്റെ സത്യം സഞ്ചരിച്ചുകൊണ്ടിരിക്കുന്നു.[20]

"ചക്ക് നഗരത്തിന് പുറത്തു വെച്ചു മെതിച്ചു"[21] (വാ. 20). (ഈ പാഠത്തിന്റെ അവസാനം കാണുന്ന "മനുഷ്യപുത്രനോട് സദൃശനായവൻ" എന്ന ചിത്രീകരണം നോക്കുക.) അദ്ധ്യായം 19 അനുസരിച്ച്, യേശു തന്നെ "സർവ്വശക്തനാ

യ ദൈവ ക്രോധത്തിന്റെ ചക്ക് മെതിക്കും" (വാ. 15). അവൻ അങ്ങനെ ചെയ്യുമ്പോൾ മുന്തിരിങ്ങയുടെ ചാർ അല്ല വീഴുന്നത്, മറിച്ച് ദുഷ്ടന്മാരുടെ രക്തമായിരിക്കും![22]

ദർശനത്തിൽ, രക്തം നദി പോലെ കവിഞ്ഞൊഴുകി, ചക്കാല നിറഞ്ഞു കവിഞ്ഞ്, ദേശം മുഴുവൻ വ്യാപിച്ച് പൊങ്ങി, ഒഴുകി.[23] "ചക്കിൽനിന്നു രക്തം ഒഴുകി, കുതിരകളുടെ കടിവാളകങ്ങളോളം പൊങ്ങി, ഇരുന്നൂറ് നാഴികയോളം ഒഴുകി" (വാ. 20). നാല് മുതൽ അഞ്ച് അടിയോളം രക്തമുണ്ടായിരുന്നു,[24] അത് നൂറു കണക്കിന് ചതുരശ്ര മൈൽ വ്യാപിച്ചു കിടന്നു!

അത്തരത്തിലുള്ള രക്തക്കുളമെന്ന ആശയം സാഹിത്യകാരന്മാർക്ക് പ്രതിസന്ധി ഉളവാക്കുന്നു.[25] ശരാശരി മനുഷ്യനിൽ ഏകദേശം അഞ്ചേകാൽ ഗ്യാലൻ[26] രക്തമാണുള്ളത്, അത് ഏതാണ്ട് മുന്നൂറ് കുബിക് ഇഞ്ചോളമേ വരു.[27] ചിത്രീകരണത്തിന്റെ ഉദ്ദേശത്തിനായി, നമുക്ക് അതിനെ ഇരുന്നൂറു മൈൽ നീളവും ഒരു മൈൽ വീതിയും നാല് അടി ആഴവുമുള്ള ഒരു രക്തനദി എന്നു കരുതാം. അത്രയും രക്തം വേണമെങ്കിൽ ഏകദേശം 120 ബില്യൻ ആളുകളുടെ രക്തം വേണം - എന്നാൽ, ഇപ്പോൾ ലോകജനസംഖ്യ തന്നെ ആറു ബില്യൻ "മാത്രമാണ്." ചില സാഹിത്യകാരന്മാർ, "ചിന്തപ്പെട്ട" രക്തം കൂടിയാൽ നാലോ അല്ലെങ്കിൽ അഞ്ചോ അടി വരും എന്ന് പറഞ്ഞ് രക്ഷപ്പെടുകയാണ്, പക്ഷെ അതല്ല വേദഭാഗം പറയുന്നത്. ആലങ്കാരികതയെ അക്ഷരികമായി കാണുന്നതിന്റെ മൗഢ്യത്തെയാണ്, ഒരിക്കൽ കൂടെ വ്യക്തമാക്കുന്നത്.

രക്തം അളക്കുന്നതിനല്ല ആലങ്കാരികത നൽകിയിരിക്കുന്നത്, മറിച്ച് ദൈവകരുണയെ അവഗണിച്ചാലുള്ള വിപത്തിന്റെ തീവ്രതയെയാണ് കാണിക്കുന്നത്. "ഇരുന്നൂറു മൈൽ" എന്നതിനു പകരം മൂലഗ്രന്ഥത്തിൽ, അറുന്നൂറ് *സ്റ്റാഡിയ*[27] എന്നാണ്. ഏതാണ്ട് 607 അടി[29] വരുന്ന റോമൻ അളവിനെയാണ് *സ്റ്റേഡിയൻ* കൊണ്ട് ഉദ്ദേശിക്കുന്നത് - എന്നാൽ മുഖ്യ പ്രയോഗത്തിൽ "ആയിരത്തി അറുന്നൂറ്" എന്നാണ്. ആയിരത്തിഅറുന്നൂറ് മനുഷ്യന്റെ സംഖ്യക്കു തുല്യമാണ് ("നാല്"), അതിനെ പല സംഖ്യകൾ കൊണ്ടും ഗുണിക്കാം, പൂർണ്ണതക്കായി ("പത്ത്") കൊണ്ട് ഗുണിക്കാം. "മനുഷ്യനിലവാരത്തിന്റെ ആകത്തുക"[30] ആണ്, "1,600" എന്ന സംഖ്യ എന്ന് ആമുഖ പാഠത്തിൽ നാം കാണുകയുണ്ടായി.

ശിക്ഷിക്കപ്പെടുന്ന ആരും ശിക്ഷയിൽനിന്ന് ഒഴിവാകുകയില്ല എന്നതാണ്, "1,600" അർത്ഥമാക്കുന്നത്, എന്ന് ഖേദത്തോടെ പറയട്ടെ! റോബർട്ട് മൗൺസ് എഴുതി, "ദൈവത്തിന്റെ ന്യായവിധി, ... അവന്റെ സംരക്ഷണത്തിനപ്പുറമായി *എല്ലായിടത്തേക്കും എല്ലാവരിലേക്കും* എത്തും."[31] രക്തനദി എന്ന ഭാവനയെ കുറിച്ച് മാർട്ടിൻ ഫ്രാൻസ്മാൻ ഈ പ്രസ്താവന നടത്തി:

> ... കഠിനപ്പെട്ടതും അനുതപിക്കാത്തതുമായ ഹൃദയങ്ങളുടെ മേലുള്ള ദൈവകോപം അളക്കുന്ന അളവാണ് അരുവിയുടെ അളവ് (റോമർ 2:5), ലോകമെങ്ങുമുള്ളവർ മൃഗത്തിന്റെ മഹാ വികൃതത്വത്തോടു ചേർന്നവരേയും അളക്കുന്ന അളവായിരുന്നു അത്.[32]

എന്റെ വിദ്യാർത്ഥികളോട് ആ ബിഭൽസമായ രംഗം വിശദമായി വിവരിച്ച് കൊടുക്കണമെന്ന് ഞാൻ വിചാരിച്ചു: നൂറുകണക്കിന് ചതുരശ്ര മൈലുകളോളം രക്തം ഘനീഭവിച്ചു കിടക്കുന്നതിന്റെ ഗന്ധവും, ഭീകരാവസ്ഥയും

വലുതായിരുന്നു. എങ്ങനെയായാലും, ഇരുന്നൂറു മൈൽ നീളത്തിൽ, നാല് അടിയോളം പൊക്കത്തിൽ ഉള്ള രക്ത നദിയായിരുന്നു എന്നു പറഞ്ഞു നിർത്തിയപ്പോൾ, കേൾവിക്കാരുടെ മുഖത്ത് അന്ധാളിപ്പ് ദൃശ്യമായി.

*ദൈവം പാപത്തെ ഗൗരവമായി കാണുന്നു* എന്നതാണ് ആ ഭയാനക ദൃശ്യത്തിന്റെ ഉദ്ദേശം. റിച്ചേർഡ് റോജേഴ്സ്[33] പുറപ്പാട് പുസ്തകം പഠിപ്പിച്ചപ്പോൾ, ഫറവോന്റെ ഒരു ചോദ്യം എടുത്ത് എല്ലാവരുടേയും ശ്രദ്ധ ആകർഷിക്കുകയുണ്ടായി: "ഞാൻ യഹോവയുടെ വാക്ക് കേൾക്കേണ്ടതിന് അവൻ ആർ ... ?" (പുറപ്പാട് 5:2). പിന്നെ മിസ്രയിമ്യരുടെ ആദ്യജാതന്മാരെ സംഹരിക്കുന്നതും ഫറവോന്റെ സൈന്യം ചെങ്കടലിൽ മുങ്ങിപ്പോയതും റിച്ചാർഡ് പറഞ്ഞു. പിന്നെ ദൈവം ഫറവോന്റെ അടുത്ത് ചെന്ന് "ആ ചോദ്യം ഒന്നു കൂടെ ആവർത്തിക്കുക!"[34] എന്നു പറഞ്ഞു എന്നു വിചാരിക്കുക. ഇന്ന്, ലോകം നിന്ദാപൂർവ്വം ചോദിക്കുന്നു, "യഹോവയുടെ വാക്ക് കേൾക്കേണ്ടതിന് അവൻ ആർ?" ദൈവക്രോധത്തിന്റെ ചക്കിലിട്ട് മെതിക്കുന്ന കൂട്ടക്കൊലയെ ഒന്നു സൂക്ഷിച്ച് നോക്കിയിട്ട് – വീണ്ടും ആ ചോദ്യം ഒന്നുകൂടെ ചോദിക്കുക!

## ഉപസംഹാരം

അദ്ധ്യായം 14 ലെ മറ്റു ദർശനങ്ങളെ പോലെ, കൊയ്ത്ത് രംഗത്തിനും പ്രാഥമികമായി രണ്ട് ലക്ഷ്യങ്ങളുണ്ടായിരുന്നു: ഒന്ന്, ഉപദ്രവിക്കപ്പെട്ട ക്രിസ്ത്യാനികളെ ആശ്വസിപ്പിക്കുക എന്നതായിരുന്നു. "ആ രംഗം അവസാനിക്കുമ്പോൾ, കാഴ്ച്ച കണ്ടുകൊണ്ടിരുന്നവരുടെ ഉള്ളിൽ സന്തോഷമുണ്ടായി."[35] രണ്ട്, കൊയ്ത്തു ദർശനം ആലംബരായിരുന്ന ക്രിസ്ത്യാനികൾ പരീക്ഷിക്കപ്പെട്ട് തങ്ങളുടെ വിശ്വാസം വിട്ടുകളയാതിരിക്കേണ്ടതിനുമായിരുന്നു. ജെയിംസ് മൊഫാറ്റ് എഴുതി,

> ക്രിസ്ത്യാനികൾ കണ്ണിൽ കണ്ണുനീരില്ലാതെയും കയ്യിൽ വാൾ ഇല്ലാതെയും, തങ്ങളുടെ വിശ്വാസത്തിൽ ഭക്തിയുറപ്പിച്ച് ലോകത്തെ ക്രമേണ മാറ്റുവാനിടയായത്, ചക്രവർത്തിക്കു കീഴ്പ്പെടാതെയാണ് എന്നത്, അവരുടെ അവകാശങ്ങളുടെ അംഗീകാരമായി അപോകാലിപ്സിൽ എടുത്തു കാണിച്ചത് വലിയ പ്രചാരത്തിനിടയായി.[36]

ഈ വേദഭാഗത്തിന്റെ ഒരു ചുരുക്കം നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, ഗലാത്യർ 6:7, 8 നേക്കാൾ വലിയ വേദഭാഗം മറ്റൊന്നില്ല:

> വഞ്ചനപ്പെടാതിരിപ്പിൻ, ദൈവത്തെ പരിഹസിച്ചുകൂടാ, മനുഷ്യൻ വിതെക്കുന്നതു തന്നെ കൊയ്യും. ജഡത്തിൽ വിതെക്കുന്നവൻ ജഡത്തിൽനിന്നു നാശം കൊയ്യും, ആത്മാവിൽ വിതെക്കുന്നവൻ ആത്മാവിൽനിന്നു നിത്യജീവനെ കൊയ്യും.

ഓരോ ദിവസവും നമ്മുടെ സ്വഭാവം പഴുത്തുകൊണ്ടാണിരിക്കുന്നത് – ആശ്വാസത്തിനോ അല്ലങ്കിൽ നാശത്തിനോ, സ്വീകരിപ്പാനോ അല്ലെങ്കിൽ നിരസിക്കുവാനോ, നിത്യജീവനോ അല്ലെങ്കിൽ നിത്യമരണത്തിനോ. കർത്താവ് മടങ്ങി വരുമ്പോൾ, അവൻ നിങ്ങളെ അവന്റെ സുരക്ഷിത കളത്തിലേക്കാണോ അതോ, ദൈവക്രോധ ചക്കിലേക്കാണോ മാറ്റുന്നത്?[37]

## പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ

"തീർച്ചയുള്ള ന്യായവിധി," "അവസാന നിറവേറൽ," എന്നിവ മറ്റു തല വാചകങ്ങളായി ഉപയോഗിക്കാം. "ഒരു മഹാ ദിവസം വരുന്നു" എന്ന് പാട്ടിന് തലവാചകം കൊടുക്കാം; പാട്ടിന്റെ തലവാചകം വേണമെങ്കിൽ പാഠത്തിനും കൊടുക്കാം.

---

കുറിപ്പുകൾ

[1]ന്യായവിധിയെ കുറിച്ച് പറയുന്നതിനു പഴയനിയമത്തിൽ പലപ്പോഴും ഉപയോഗിച്ചിട്ടുള്ള അലങ്കാരമാണ് കൊയ്ത്ത് (യെശയ്യാവ് 63:1-6; യിരെമ്യാവ് 51:33; വിലാപങ്ങൾ 1:15; ഹോശേയാ 6:11). പ്രത്യേകിച്ച് യോവേൽ 3:13 നോക്കുക, അവിടെയുള്ള ഭാഷ വെളിപ്പാട് 14:14-20 ലേതാണ്. [2]സുവിശേഷത്തെ പ്രോൽസാഹിപ്പിച്ചുകൊണ്ട് യേശുവും കൊയ്ത്ത് ഉപമയായി ഉപയോഗിച്ചിട്ടുണ്ട് (മത്തായി 9:37, 38; ലൂക്കൊസ് 10:2; യോഹന്നാൻ 4:35-38). [3]ന്യായവിധിക്ക് കൊയ്ത്തു വിഷയം യോഹന്നാൻ സ്നാപകനും ഉപയോഗിച്ചിട്ടുണ്ട് (മത്തായി 3:12). [4]ആ വാചകം എടുത്തിരിക്കുന്നത്, മെറിൽ സി. ടെനിയുടെ, *പ്രൊക്ലെയിമിങ്ങ് ദ ന്യു ടെസ്റ്റമെന്റ്: ദ ബുക്ക് ഓഫ് റെവലേഷൻ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1963), 72. [5]എം. റോബർട്ട് മുതോളന്റ് ജൂനിയർ., *റെവലേഷൻ: ഹോളി ലിവിങ് ഇൻ ആൻ അൺഹോളി വേൾഡ്.* ദ ഫ്രാൻസിസ് ആസ്ബറി പ്രസ് കമെന്ററി സീരീസ്, ജെന. എഡി., എം റോബർട്ട് മുതോളന്റ് ജൂനിയർ., (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഫ്രാൻസിസ് ആസ്ബറി പ്രസ്, 1990), 251. വാക്യങ്ങൾ 14 മുതൽ 16 വരെയും 17 മുതൽ 20 വരെയുമുള്ള ഭാഗങ്ങളിലെ സമാനതകൾ കാണിച്ച് ചാർട്ട് വരക്കാവുന്നതാണ് - അത്, വാസ്തവത്തിൽ, ഒരേ കൊയ്ത്തിനെയാണ് കാണിക്കുന്നത്. [6]ജി. ബി. കെയിഡ്, *ഏ കമെന്ററി ഓൺ ദ റെവലേഷൻ ഓഫ് സെന്റ് ജോൺ ദ ഡിവൈൻ* (ന്യുയോർക്ക്: ഹാർപർ & റോ, 1966), 191. [7]കെജെവിയിൽ "ദ സൺ ഓഫ് മാൻ" എന്നാണ്, പക്ഷെ കയ്യെഴുത്തു പ്രതിയുടെ തെളിവ് "ദ" എന്നതിനു പകരം "ആൻ" എന്നതിനാണ്. [8]*വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ, "മനുഷ്യപുത്രനോട് സദൃശനായവൻ" എന്ന പാഠത്തിലെ, 1:13 ലെ കുറിപ്പുകൾ നോക്കുക. [9]എൻഏഎസ്ബി തർജിമക്കാർ അത് യേശുവിന്റെ പ്രസ്താവനയാണെന്ന് ധരിച്ച്, 14:14-16-ൽ വലിയ അക്ഷരത്തിൽ "എച്ച്" ഉപയോഗിച്ച്, "ഹിസ്," "ഹിം," "ഹി" എന്നും തർജിമ ചെയ്തിരിക്കുന്നു, എൻ ഏഎസ്ബി അവിടെ ദൈവികത്വം കൊടുത്തിരിക്കുന്നു. അത് യേശു ആണെന്ന് പറയുന്നതിന് രണ്ട് തടസങ്ങളാണുള്ളത്: എപ്പോൾ കൊയ്യണമെന്ന് ദൂതൻ അവനോട് പറയുന്നു, എന്നതും, "മറ്റൊരു ദൂതൻ" എന്ന പ്രയോഗവും. അവ രണ്ടും തുടർന്നുള്ള കുറിപ്പുകളിൽ കൈകാര്യം ചെയ്യുന്നു. [10]റോബർട്ട് മൗൺസ്, *ദ ബുക്ക് ഓഫ് റെവലേഷൻ*, ദ ന്യു ഇന്റർ നാഷണൽ കമെന്ററി ഓൺ ദ ന്യു ടെസ്റ്റമെന്റ് സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1977), 279 എൻ. 37.

[11]മിക്കപേർക്കും അറിയാം കമ്മ്യൂണിസ്റ്റുകാർ ഉപയോഗിക്കുന്ന അരിവാളും ചുറ്റികയും എന്ന ചിഹ്നം. ഇരിവാൾ കൃഷിയെയും ചുറ്റിക വ്യവസായത്തെയുമാണ് സൂചിപ്പിക്കുന്നത്. [12]വാക്യം 6 ലെ "മറ്റൊരു ദൂതൻ" എന്നതിന് പ്രത്യേകതയില്ലാത്തതുപോലെ ഇവിടത്തെ "മറ്റൊരു ദൂതൻ" എന്നതിനും പ്രത്യേകതയില്ല. "ദൈവപുത്രൻ" എന്നത് ഒരു ദൂതനാണെന്നതിന് തെളിവില്ല. പാഠത്തിൽ പറഞ്ഞതുപോലെ, "മനുഷ്യപുത്രൻ" എന്നു പറഞ്ഞിരിക്കുന്നത് യേശുവിനെയാണ്. "ദൈവപു

ത്രൻ" യേശുവായിരുന്നു എന്ന് യഹോവ സാക്ഷിക്കാർ സമ്മതിക്കുമെങ്കിലും, ആ വാക്യം എടുത്ത് യേശു ഒരു ദൂതനായിരുന്നു എന്ന് "തെളിയിക്കുവാൻ" അവർ ശ്രമിക്കും - അതായത്, സൃഷ്ടിക്കപ്പെട്ട വ്യക്തി. യേശു ഒരു സൃഷ്ടിയായിരുന്നില്ല, മറിച്ച് എല്ലാം സൃഷ്ടിച്ചവനാണ് (കൊലൊസ്യർ 1:16). വാക്യം 6-ൽ അങ്ങനെ ആയിരുന്നതുകൊണ്ട്, വാക്യം 15 ലും സൂചിപ്പിക്കുന്നത് ദൈവത്തിന്റെ "മറ്റൊരു സന്ദേശവാഹകനെ" സേവനത്തിന് വിളിച്ചു എന്നാണ്. [13]അപ്പൊസ്തലനായ യോഹന്നാൻ "നാഴിക" എന്ന വാക്ക് അധികവും ഉപയോഗിച്ചത്, ശരിയായ, പ്രത്യേകമായ സമയത്തെ സൂചിപ്പിക്കുന്നതിനല്ല. ഒരു എഴുത്തുകാരൻ പറഞ്ഞു, "ദൈവം കാത്തിരിക്കുന്നത് പ്രത്യേക സമയത്തിനായിട്ടല്ല, പിന്നെയോ തന്റെ ഉദ്ദേശ നിവർത്തിക്കു വേണ്ടിയാണ്." (ക്വോട്ടഡ് ഇൻ മയർ പേൾമാൻ, *വിൻഡോസ് ഇൻ ടു ദ ഫ്യൂച്ചർ: ഡിവോഷ്ണൽ സ്റ്റഡീസ് ഇൻ ദ ബുക്ക് ഓഫ് റെവലേഷൻ* [സ്പ്രിങ്ങ്ഫീൽഡ് മോ.: ഗോസ്പൽ പബ്ലിഷിങ്ങ് ഹൗസ്, 1941], 135.) [14]യേശു കൊയ്യുന്നത് ധാന്യവും ദൂതന്മാർ കൊയ്യുന്നത് *മുന്തിരിങ്ങ*യുമാണെന്ന *പ്രത്യേകത* ചിലർ ഇവിടെ *കാണുന്നു*. അത് ഒരു ദർശനമായിരുന്നു എന്ന് ഓർക്കുക. ആ ആലങ്കാരികതക്ക് *എന്തെങ്കിലും* പ്രത്യേകതയുണ്ടെങ്കിൽ അത് യേശു തന്റെ ജനത്തെ കരുതുന്നു എന്നതാണ്. വാസ്തവത്തിൽ, നല്ലതും - മോശമായതും "കൂട്ടിച്ചേർക്കുന്നതിലായിരുന്നു യേശുവും ദൂതന്മാരും ബന്ധപ്പെട്ടിരുന്നത് - അത് അന്തിമ "പ്രതിഫലത്തിനാണ്" (മത്തായി 13:41, 49; 16:27; 25:31; മർക്കൊസ് 8:38 ലൂക്കൊസ് 9:26; 2 തെസലൊനിക്യർ 1:7, 8). [15]എന്റെ കയ്യിലുള്ള എൻഏഎസ്ബിയുടെ മാർജിനിൽ ["അക്ഷരികമായി] *എറിഞ്ഞു*" എന്നാണ്. [16]ആയിരമാണ്ട് വാഴ്ച്ചക്കാർ തങ്ങളുടെ സാങ്കൽ-പികമായ "ഹർഷോന്മാദത്തിന്" എടുക്കാറുണ്ട്. ചിലർ സങ്കൽപി-ക്കുന്ന രീതിയിൽ ആയിര-മാണ്ട് ഭൂമിയിൽ വാഴുമെന്നല്ല യേശു പറയുന്നത്, മറിച്ച് *നീതിമാന്മാരുടെ കാഴ്ച്ചപ്പാടിലുള്ള പൊതുവായ പുനരുത്ഥാനത്തെയാണ്* പറയുന്നത് (യോഹന്നാൻ 5:28, 29). "ആദ്യം" എന്നതിന് "മരിച്ച ദുഷ്ടന്മാർ ഉയിർക്കുന്നതിനുമുമ്പ്" എന്നർത്ഥമില്ല. മറിച്ച്, ക്രിസ്തു മടങ്ങി വരുമ്പോൾ, ജീവിച്ചിരിക്കുന്ന ക്രിസ്ത്യാനികൾ അവനെ എതിരേൽപ്പാൻ എടുക്കപ്പെടുന്നതിനു മുൻപ് ക്രിസ്തുവിൽ മരിച്ച ക്രിസ്ത്യാനികൾ "ആദ്യം" ഉയിർക്കും എന്നാണ്. മരിച്ചവർ ഉയിർത്തെഴുന്നേറ്റ ശേഷം വിശ്വസ്തരായ എല്ലാവരും ചേർന്ന്അവനെ എതിരേൽക്കുന്നത്. [17]ടെനി, 71. [18]വെളിപ്പാടിൽ "തീ" ഉപയോഗിച്ചിരിക്കുന്നത് ന്യായവിധിയുമായ ബന്ധത്തിലാണ്. 8:5-ൽ ആ ദൂതൻ തീ ഭൂമിയിലേക്ക് എറിഞ്ഞു. ദൈവം നീതി നടപ്പാക്കുവാൻ പ്രത്യേകരീതിയിൽ ആ ദൂതനെ ഉപയോഗിക്കുന്നു എന്നാണ് "തീമേൽ അധികാരമുള്ളവൻ" എന്നതു സൂചിപ്പിക്കുന്നത്. [19]"മുന്തിരി ആട്ടുന്ന ചക്ക് ശ്രദ്ധിക്കേണ്ടതാണ്. ചക്കിൽനിന്നു നേരിട്ട് വരുന്നത് 'മുന്തിരിച്ചാറാണ്.' മുന്തിരിച്ചക്കിൽനിന്നു മേരിട്ടു വരുന്നത് ലഹരിയുള്ള 'വീഞ്ഞ്' അല്ല. അതുകൊണ്ട്, 'വീഞ്ഞ്' എപ്പോഴും ലഹരിയുള്ള പാനിയം എന്നർത്ഥം വരുന്നില്ല." (ജിം മെക്ഗ്വിഗിൻ, *ദ ബുക്ക് ഓഫ് റെവലേഷൻ* [ലബ്ബക്ക്, ടെക്സ്.: ഇന്റർനാഷ്ണൽ ബിബിളിക്കൽ റിസോഴ്സസ്, 1976], 222). [20]ജൂലിയ വാർഡ് ഹോവേ, "ബാറ്റിൽ ഹിം ഓഫ് ദ റിപ്പബ്ലിക്" *സോങ്ങ്സ് ഓഫ് ഫെയിത്ത് ആന്റ് പ്രെയിസ്,* കംമ്പ് ആന്റ് എഡി., ആൾട്ടൻ എച്ച് ഹോവാർഡ് (വെസ്റ്റ് മോൺറോ, ലോ.: ഹോവാർഡ് പബ്ലിഷിങ്ങ് കമ്പനി., 1994).

[21]ഈ വേദഭാഗത്തെ "നഗരം" തിരിച്ചറിയുവാൻ വ്യാഖ്യാതാക്കൾ വിഷമം നേരിട്ടിട്ടുണ്ട്. അത് അപ്രധാനമായ വിശദീകരണമായിരിക്കാം കൊടുത്തിരിക്കുന്നത്; സാധാരണ ചക്കുകൾ നഗരവാതിലിനു പുറത്താണ് സ്ഥിതി ചെയ്തിരുന്നത്. "നഗരത്തിന്" എന്തെങ്കിലും പ്രാധാന്യമുണ്ടെങ്കിൽ, അത് ഒരുപക്ഷെ, "വിശുദ്ധ നഗരമായ, യെരുശലേമിനാണ്." അത് വിവരിച്ചിരിക്കുന്നത് അദ്ധ്യായം 21 ലും 22 ലും ആണ്

(സ്വർഗത്തിനുള്ള അലങ്കാരപ്രയോഗമാണ്). 22:15 നോക്കുക, ദുഷ്ടന്മാർ സ്വർഗീയ വാസത്തിന് "പുറത്തായിരിക്കും" (കൂടാതെ 21:27 നോക്കുക). 14:20 ലെ "നഗരം" "മഹതിയാം ബാബിലോൻ" ആയിരിക്കുവാൻ സാധ്യതയുണ്ട്. ബാബിലോന് ആർക്കും സുരക്ഷിതത്വം നൽകുവാൻ കഴിയാത്ത ബലഹീനമായ അവസ്ഥയിലെത്തി. [22]പല മുന്തിരങ്ങകളുടേയും നിറം ചുവപ്പാകയാൽ, അത് രക്തത്തെയാണ് ഓർപ്പിക്കുന്നത്. താൻ ചിന്തുവാനിരുന്ന രക്തത്തെ ആലങ്കാരികമായി "മുന്തിരിവള്ളിയുടെ അനുഭവത്തെ" എടുത്തുകൊണ്ട് യേശു പറയുകയുണ്ടായി (മത്തായി 26:29). [23]ഇത് "അർമ്മഗദോൻ യുദ്ധം" എന്നറിയ-പ്പെടുന്ന യുദ്ധത്തിനു ശേഷമാണ് നടന്നതെന്ന് പല എഴുത്തുകാരും വിശ്വസിക്കുന്നു, എന്നാൽ കൊയ്ത്തിൽ നിന്നു യുദ്ധത്തിലേക്ക് പോകുന്നതിന് തെളിവൊന്നുമില്ല. കുതിരകളെ പറഞ്ഞിരിക്കുന്നതിൽ സൈന്യത്തെക്കുറിച്ചു ഒന്നും വ്യക്തമാക്കുന്നില്ല. അതെല്ലാം വായനക്കാർക്കു പരിചയമുള്ള കാര്യങ്ങൾ ഉപയോഗിച്ച് രക്തത്തിന്റെ ആഴത്തെ കാണിക്കുന്നു. [24]കടിഞ്ഞാൺ കുതിരയുടെ തലയുടെ ഭാഗത്ത് യുദ്ധോപകരണങ്ങൾ സൂക്ഷിക്കുന്ന ഭാഗത്തുകൂടേയിടുന്നതാണ്, മിക്ക കുതിരകളുടേയും തല തറയിൽനിന്ന് അടികളോളം ഉയരത്തിലായിരിക്കും. [25]സാഹിത്യകാരന്മാർ (ആയിരമാണ്ട് വാഴ്ച്ചക്കാർ), 1,600 *സ്റ്റാഡിയ* പാലസ്തീന്റെ നീളമായി എടുക്കുന്നു, എന്നാൽ ദർശനത്തിലെ ശേഷം അളവുകൾ വിവരിക്കുവാൻ അവർക്ക് കഴിയുന്നില്ല. [26]ഗ്യാലൻ എന്നത് അമേരിക്കയിലുള്ള അളവാണ്. [27]ഒരു അമേരിക്കൻ ലിക്വിഡ് ക്വാർട്ട്സ് എന്നത്, 57.75 ക്വിബിക് ഇഞ്ച് ആണ്. [28]എൻഐവിയിൽ "സ്റ്റാഡിയ" എന്നാണ്. എൻഏഎസ്ബിയിലെ "ഇരുന്നൂറു മൈൽ" എന്ന പ്രയോഗം ഗ്രീക്കു വാക്കുകൾ ഇന്നത്തെ സദസിനു മനസിലാക്കുവാൻ ഉപയോഗിച്ചിരിക്കുന്നതാണ് - എന്നാൽ അത് പരിശുദ്ധാത്മാവ് ഉപയോഗിച്ച ആലങ്കാരികത നഷ്ടമാക്കുന്നു. കെജെവിയിൽ, "ആയിരത്തി അറുന്നൂറ് ഫർലോങ്സ്" എന്നാണ്. (ഇംഗ്ലീഷിൽ ഒരു "ഫർലോങ്" എന്നാൽ 660 അടിയാണ്, അതുകൊണ്ട്, അളവ് ഒരു സ്റ്റേഡിയത്തിനു തുല്യമാണ്.) *സ്റ്റാഡിയ* എന്നത് *സ്റ്റാഡിയ*ന്റെ ബഹുവചനമാണ്. [29]ആയിരത്തിഅറുനൂറ് *സ്റ്റാഡിയ* എന്നു പറയുന്നത്, ഏതാണ്ട് 184 മൈൽ വരും. [30]"നാല്," "പത്ത്," "1,600" എന്നിവയുടെ പ്രാധാന്യം അറിയുവാൻ, *വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "ഇവിടെ ഇതാ സർപ്പം" എന്ന പാഠം നോക്കുക.

[31]മൗൺസ്, 283. (എംഫസിസ് മൈൻ.) [32]മാർട്ടിൻ എച്ച്. ഫ്രാൻസ്മാൻ, *ദ റെവലേഷൻ ടു ജോൺ* (സെന്റ്ലൂയിസ്, മോ.: കണകോഡിയ പബ്ലിഷിങ് ഹൗസ്, 1976), 104. [33]റിച്ചാർഡ് റോജെഴ്സ്, ഒരു സുവിശേഷ പ്രാസംഗികനും, ഉപദേഷ്ടാവും അദ്ധ്യാപകനും ആണ്. [34]ഈ ചിത്രീകരണം ഉപയോഗിച്ചത്, ജോൺ റിസേ, "ദുഷ്ട മൃഗങ്ങളും വിജയിച്ച കുഞ്ഞാടും" എന്ന പ്രസംഗം നടത്തിയത്, സതേൺ ഹിൽ ചർച്ച് ഓഫ് ക്രൈസ്റ്റ്, അബിലീൻ, ടെക്സസ്, 5 മേയ്, 1991. [35]ഈ വാചകം എടുത്തത്, റേ സമ്മേഴ്സ്, *വർതി ഈസ് ദ ലാമ്പ്* (നാഷ്വിലേ, ബ്രോഡ്മാൻ പ്രസ്, 1951), 183. [36]ജെയിംസ് മോഫാറ്റ്, എക്സ്പോസിറ്റേഴ്സ് ഗ്രീക്ക് ന്യൂടെസ്റ്റമെന്റ്, വാല്യം. 5 (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ് കമ്പനി.), 313. [37]ഇത് ഒരു പ്രസംഗമായി അവതരിപ്പിക്കുകയാണെങ്കിൽ സദസിന്റെ ആത്മാക്കളുടെ ആവശ്യം - ഉടനെ നിറവേറ്റുവാൻ പ്രോൽസാഹിപ്പിക്കണം.

---


### ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. വരുവാനുള്ള ന്യായവിധിക്ക് "കൊയ്ത്ത്" ശരിയായ അലങ്കാരമാകുന്ന തെങ്ങനെ?

2. വെളിപ്പാട് 14:14-20 വരെ അവസാന "കൊയ്ത്ത്" എത്രയുണ്ട്?
3. വാക്യം 14-ൽ പറഞ്ഞ "മനുഷ്യപുത്രൻ" ആർ?
4. അവൻ മേഘത്തിൽ ഇരിക്കുന്നതിന്റെ പ്രാധാന്യം എന്ത്? ... അവൻ അണിഞ്ഞ കിരീടത്തിന്റെയോ? ... പിടിച്ചിരിക്കുന്ന ആയുധത്തിന്റെയോ?
5. കൊയ്ത്തിന്റെ *ആദ്യഭാഗം* ധാന്യവിളവെടുപ്പെന്നു പറയുവാൻ കാരണംഎന്തായിരുന്നു?
6. ധാന്യം/കോതമ്പ് കൊയ്ത്ത് ഏതു തരം ആളുകളെ സൂചിപ്പിക്കുന്നു?
7. ബൈബിൾ കാലത്തെ ചക്കിനെ വിവരിക്കുക.
8. അദ്ധ്യായം 19 അനുസരിച്ച്, ആരാണ് ദൈവകോപ ചക്ക് മെതിക്കുന്നത്?
9. ചക്കിൽ മുന്തിരിങ്ങ മെതിക്കുമ്പോൾ, എന്താണ് പുറത്തു വരുന്നത്? വാക്യം 20 ലെ ഭാവന നാം അക്ഷരികമായി എടുക്കണോ? എന്തുകൊണ്ട്?
10. 1,600 *സ്റ്റാഡിയ* നീളമുള്ള രക്തക്കളത്തിന്റെ ആലങ്കാരിക പ്രാധാന്യം എന്താണ്?
11. "ദൈവം പാപത്തെ ഗൗരവമായി കാണുന്നു" എന്ന് ആലങ്കാരികത എങ്ങനെ സ്ഥിരീകരിക്കുന്നു?
12. കർത്താവിന്റെ വരവിനായി, സ്വ-പരിശോധനക്ക് നിങ്ങൾ ഒരുങ്ങിയിട്ടുണ്ടോ?



**ഒരു അരിവാൾ മനുഷ്യപുത്രനോട് സദൃശനായവൻ (14:14)**



**ചക്ക് (14:20; 19:15)**